# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3688** — **20/06/2019-ൽ മറുപടിയ്ക്ക്**

## പാലക്കാട് ജില്ലയിലെ മഴക്കാലരോഗ പ്രതിരോധപ്രവർത്തനങ്ങൾ

**ചോദ്യം**

**ശ്രീ.കെ.ഡി. പ്രസേനൻ**

എ) പാലക്കാട് ജില്ലയിൽ മഴക്കാലരോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിവരിക്കാമോ?

**മറുപടി**

**കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

എ) ആരോഗ്യ ജാഗ്രത 2019 ന്റെ ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനും പകർച്ചവ്യാധികളുടെ നിലവിലുള്ള അവസ്ഥ വിശകലനം ചെയ്യുന്നതിനുമായി ബ്ലോക്ക് സി.എച്ച്.സി സൂപ്രണ്ടുമാർ, മെഡിക്കൽ ഓഫീസർമാർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് 11.01.2019-ന് കുഴൽമന്ദം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽവച്ച് ഒരു ഏകദിന ശിൽപശാല നടത്തി.

പാലക്കാട് ഗവ.നേഴ്സിംഗ് സ്കൂളിൽ വെച്ച് ഹെൽത്ത് സൂപ്പർവൈസർമാർ, പബ്ലിക് ഹെൽത്ത് നഴ്സ് സൂപ്പർവൈസർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ആരോഗ്യ ജാഗ്രത 2019 ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനുള്ള ശില്പശാല നടത്തി.

06.02.2019 ന് ജില്ലാതല പ്രോഗ്രാം ഓഫീസർമാരെ പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാ മെഡിക്കൽ ഓഫീസിൽവെച്ച് ആരോഗ്യ ജാഗ്രത 2019 യോഗം ചേർന്നു.

14.02.2019 ന് പകർച്ചവ്യാധി മുന്നൊരുക്ക പ്രവർത്തനങ്ങളും അവസ്ഥാ നിർണ്ണയ സർവ്വെയും സംബന്ധിച്ചുള്ള ഫീൽഡ് പ്രവർത്തകർക്കുള്ള പരിശീലന പരിപാടി നന്ദിയോട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ വെച്ച് നടത്തി.

15.02.2019 ന് പകർച്ചവ്യാധി മുന്നൊരുക്ക പ്രവർത്തനങ്ങളും അവസ്ഥാ നിർണ്ണയ സർവ്വെയും സംബന്ധിച്ചുള്ള ഫീൽഡ് പ്രവർത്തകർക്കുള്ള പരിശീലന പരിപാടി കൊടുവായൂർ സി.എച്ച്.സിയിൽ വെച്ച് നടന്നു.

പകർച്ചവ്യാധി മുന്നൊരുക്ക പ്രവർത്തനങ്ങളും അവസ്ഥാ നിർണ്ണയ സർവ്വെയും സംബന്ധിച്ചുള്ള ഫീൽഡ് പ്രവർത്തകർക്കുള്ള

പരിശീലന പരിപാടി കടമ്പഴിപ്പുറം സി.എച്ച്.സി.യിൽ വെച്ച് നടന്നു. പ്രസ്തുത പരിപാടി എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും നടന്നു.

ആരോഗ്യജാഗ്രതയുടെ ജില്ലാതല ഉദ്ഘാടന പരിപാടി വിജയിപ്പിക്കുന്നതിന് വേണ്ടി കോ-ഓർഡിനേഷൻ കമ്മിറ്റി 19.02.2019 ന് ചിറ്റൂർ മിനി സിവിൽ സ്റ്റേഷനിൽ വെച്ച് നടത്തി.

19.02.2019 ന് ആരോഗ്യജാഗ്രത 2019 നോട് അനുബന്ധിച്ച് പത്രസമ്മേളനം നടത്തി. അന്നുതന്നെ ജില്ലാ കളക്ടറുടെ കോൺഫറൻസ് ഹാളിൽവെച്ച് ആരോഗ്യജാഗ്രതയുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുതല യോഗം ചേർന്നു.

20.02.2019 ന് അനിക്കോട്, ചിറ്റൂരിൽ വെച്ച് ആരോഗ്യജാഗ്രത ജില്ലാതല ഉദ്ഘാടന പരിപാടി ബഹുമാനപ്പെട്ട ജലവിഭവ വകുപ്പ് മന്ത്രി നിർവ്വഹിച്ചു.

19.03.2019 ന് ജില്ലാ കളക്ടറുടെ കോൺഫറൻസ് ഹാളിൽവെച്ച് ആരോഗ്യജാഗ്രത 2019 മായി ബന്ധപ്പെട്ട് വിവിധ വകുപ്പ്തല യോഗം നടത്തി.

ഏപ്രിൽ മാസത്തിൽ തുടങ്ങി വെള്ളിയാഴ്ച സ്കൂളുകളിലും, ശനിയാഴ്ച ഓഫീസുകളിലും, സ്ഥാപനങ്ങളിലും, ഞായറാഴ്ച വീടുകളിലുമായി ഉണക്കദിന നിരീക്ഷണം നടത്തി. ഇപ്പോഴും തുടർന്നു വരുന്നു.

06.04.2019-ന് ശുചീകരണ പരിപാടി ആരോഗ്യ സ്ഥാപനങ്ങൾ, വീടുകളിലുമായി നടത്തി.

07.04.2019 ന് ലോകാരോഗ്യ ദിനത്തോടനുബന്ധിച്ച് എല്ലാ സ്ഥാപനങ്ങളിലും വിവിധ പരിപാടികൾ നടത്തി.

കൊതുകുകളുടെ പ്രധാനപ്പെട്ട ഉറവിടങ്ങളും ഉണങ്ങിയ ഉറവിടങ്ങളും ഇല്ലാതാക്കൽ പരിപാടിയുടെ ഭാഗമായി 08.04.2019 മുതൽ 10.04.2019 വരെ വിവിധ പ്രവർത്തനങ്ങൾ നടന്നു. (Dry container cum key container elimination campaign)

26.04.2019 മുതൽ 27.04.2019 വരെ ജലശുദ്ധീകരണ പരിപാടി നടത്തി.

മെയ് 11, 12 തീയതികളിലായി ജനപ്രതിനിധികൾ, ആരോഗ്യപ്രവർത്തകർ,

ആശ, അംഗൻവാടി പ്രവർത്തകർ, ആരോഗ്യസേനാ അംഗങ്ങൾ, മറ്റ് സന്നദ്ധ പ്രവർത്തകർ എന്നിവർ ചേർന്ന് പൊതുസ്ഥലങ്ങൾ, അഴുക്കുചാലുകൾ എന്നിവ വൃത്തിയാക്കി.

ഡെങ്കിപ്പനി വിരുദ്ധ-ദിനാചരണത്തോടനുബന്ധിച്ച് എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും വിവിധ പരിപാടികളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തപ്പെട്ടു.

18.05.2019 ന് അതിഥി തൊഴിലാളി ക്യാമ്പുകളിലും നിർമ്മാണ സ്ഥലങ്ങളിലും കൊതുകുറവിട നശീകരണ പ്രവർത്തനങ്ങൾ നടത്തി.

മെയ് 25 ഹെൽത്തി കേരള ഇൻസ്പെക്ഷൻ ഹോട്ടലുകളിലും, ഭക്ഷണം കൈകാര്യം ചെയ്യുന്ന സ്ഥലങ്ങളിലും പരിശോധന നടത്തി.

24.05.2019 മുതൽ 30.05.2019 വരെ തൊഴിൽ വകുപ്പിന്റെ സഹകരണത്തോടെ കഞ്ചിക്കോട്, മണ്ണാർക്കാട്, ഷൊർണ്ണൂർ, ആലത്തൂർ, ഒറ്റപ്പാലം എന്നിവിടങ്ങളിൽ മഴക്കാലപൂർവ്വ ശുചീകരണ പരിപാടിയുടെ ഭാഗമായി അതിഥി തൊഴിലിടങ്ങളും ക്യാമ്പുകളും സന്ദർശിച്ചു.

**സെക്ഷൻ ഓഫീസർ**